പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **85**

05.03.2012 ൽ മറുപടിയ്ക്ക്

## ചാരുപാറ സ്വദേശി ശ്രീ. കെ. സുധാകരന്റെ ആത്മഹത്യ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മക്കളുടെ മുന്നിൽ വച്ചുള്ള പോലീസ് മർദ്ദനത്തിൽ മനം നൊന്ത് കാണിക്കാർ സമുദായാംഗവും എസ്.ബി.ടി. പാങ്ങോട് ബ്രാഞ്ചിലെ ജീവനക്കാരനുമായ ചാരുപാറ സ്വദേശി കെ. സുധാകരൻ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ ഏതെങ്കിലും വിധത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ ; | (എ) & (ബി) | സുധാകരൻ എന്ന ആൾ ആത്മഹത്യ ചെയ്തതു സംബന്ധിച്ച് കിളിമാനൂർ പോലീസ് സ്റ്റേഷൻ ക്രൈം 1172/2011 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. |
| (ബി) ഇതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ ; | | |
| (സി) എങ്കിൽ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ ; ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (സി) | മരണപ്പെട്ട സുധാകരൻ 05.12.2011 വൈകി തമ്പാനൂരിൽ നിന്നും കിളിമാനൂരിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ (JNT.103 KMR Depot) യാത്ര ചെയ്യുവരവെ, മദ്യലഹരിയിൽ ബസ്സിനകത്ത് ബഹളം ഉണ്ടാക്കിയതിനെ തുടർന്ന് ബസ് കണ്ടക്ടർ മണ്ണന്തല പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മണ്ണന്തല പോലീസ് സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടു |

പോകുകയും തുടർന്ന് ടിയാന്റെ വീട്ടിൽ വിവരം അറിയിക്കുകയും ചെയ്തു. തുടർന്ന് മക്കളായ ചന്തുവും, അനന്തുവും സ്റ്റേഷനിലെത്തി സുധാകരനെ രാത്രി തന്നെ സ്റ്റേഷനിൽ നിന്നും കൂട്ടിക്കൊണ്ടു പോയിരുന്നു.

മദ്യപാനം നിർത്താൻ കഴിയാത്തതിലും ബസ് യാത്രയ്ക്കിടയിൽ മണ്ണന്തല വച്ച് മദ്യലഹരിയിൽ ബസ്സിനകത്ത് ബഹളം ഉണ്ടാക്കിയതിനെ തുടർന്ന് മണ്ണന്തല പോലീസ് സ്റ്റേഷനിൽ പോകേണ്ടി വന്നതിലും, ഈ സംഭവം സുഹൃത്തുക്കളും, ബന്ധുക്കളും, അയൽവാസികളും മറ്റും അറിഞ്ഞതിലുമുള്ള മനോവിഷമത്താലാണ് സുധാകരൻ സ്വയം കെട്ടിത്തൂങ്ങി മരണപ്പെട്ടതെന്ന് വെളിവായിട്ടുള്ളതാണ്.

മരണത്തിൽ മറ്റാർക്കെങ്കിലും ഏതെങ്കിലും വിധത്തിൽ പങ്കുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ തെളിവില്ലാത്തതിനാൽ ആരുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടില്ല.

പ്രസ്തുത കേസ്സിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ 'Death due to hanging' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മരണപ്പെട്ട സുധാകരന്റെ blood sample രാസപരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കേസ്സ് അന്വേഷണത്തിലാണ്.

സെക്ഷൻ ഓഫീസർ